# ചേർത്തല കെ വി എം ആശുപത്രിയിൽ യു എൻ എ യുടെ നിയമവിരുദ്ധവും അടിസ്ഥാനരഹിതവുമായ സമരം

കഴിഞ്ഞ 6 മാസക്കാലമായി കെ വി എം ആശുപത്രിയ്ക്ക് മുൻപിൽ നിയമാനുസൃതമല്ലാത്ത ഡിമാന്റുകൾ ഉന്നയിച്ച് ഒരു വിഭാഗം നഴ്സുമാർ യുഎൻ എയുടെ ലേബലിൽ സമരം നടത്തി വരികയാണ്.

**അവരുടെ പ്രധാന ആവശ്യങ്ങൾ ഇതായിരുന്നു:**

1. 2013 ലെ മിനിമം വേജസ് പ്രാവർത്തികമാക്കുക
2. 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുക
3. .6 മാസം കാലാവധി കഴിഞ്ഞ് പിരിഞ്ഞുപോയ 2 ട്രെയിനി നഴ്സുമാരെ സ്ഥിരപ്പെടുത്തുക

**എന്നാൽ ഇതിന്റെ യാഥാർത്ഥ്യം എന്താണെന്ന് ചുവടെ വിശദീകരിക്കുന്നു.**

| | |
|---|---|
| 1. 2013 ലെ മിനിമം വേജസ് പ്രാവർത്തികമാക്കുക | കെ വി എം ആശുപത്രിയിൽ 2013 ൽ ഗവ.ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച മിനിമം വേതനം, ഇ എസ് ഐ, പിഎഫ് മറ്റെല്ലാ ആനുകൂല്യങ്ങളോടും കൂടി തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ സംവിധാനം മുഖേന ബാങ്ക് നല്കി വരുന്നുണ്ട്. അതു കൂടാതെ ഒരു ഇടക്കാല ആശ്വാസം എന്ന രീതിയിൽ അടിസ്ഥാന ശമ്പളത്തിന്റെ 25% അധികവേതനമായും നൽകിവരുന്നുണ്ട്. |
| 2. 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുക | കെ വി എം ആശുപത്രിയിൽ 2017 സെപ്തംബർ മുതൽ നിയമം അനുശാസിക്കുന്ന 8,8,8 മണിക്കുർ എന്ന ഷിഫ്റ്റ് സമ്പ്രദായമാണ് നടന്നുവരുന്നത്. എന്നാൽ യു എൻ എ യുടെ നിയമവിധേയമല്ലാത്ത 6,6,12 മണിക്കുർ എന്ന ഷിഫ്റ്റ് സമയക്രമം നടപ്പിലാക്കാൻ നിയമം അനുവദിക്കാത്തതും അത് നടപ്പിലാക്കാൻ ഹോസ്പിറ്റലിന് നിർവ്വാഹമില്ലാത്തതുമാണ്. |
| 3. 6 മാസം കാലാവധി കഴിഞ്ഞ് പിരിഞ്ഞുപോയ 2 ട്രെയിനി നഴ്സുമാരെ സ്ഥിരപ്പെടുത്തുക | 6 മാസ കാലാവധി പൂർത്തിയാക്കി പിരിഞ്ഞു പോയ രണ്ട് ട്രെയിനി നഴ്സുമാരെ ജോലിയിൽ സ്ഥിരപ്പെടുത്തണമെന്നത് തികച്ചും നിയമവിരുദ്ധമായ ആവശ്യമാണ്. ഏതൊരു മാനേജ്മെന്റിനും ട്രെയിനി ജീവനക്കാരുടെ ജോലിയിലുള്ള പ്രാവീണ്യവും മറ്റും നോക്കി അവർ ഈ ജോലിയ്ക്ക് യോഗ്യരാണോയെന്ന് പരിശോധിച്ച് അവരെ ജോലിയിൽ സ്ഥിരപ്പെടുത്തുവാനോ ജോലിയിൽ നിന്നും ഒഴിവാക്കുവാനോ ഉള്ള അധികാരം ഉള്ളതാകുന്നു. അതിനാൽ ഈക്കാര്യത്തിൽ നിയമവിരുദ്ധമായ ഒരു നിലപാടും കെ വി എം മാനേജ്മെന്റ് സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാ |

| | |
|---|---|
| | ണ്. ഈ വിഷയത്തിൽ തൊഴിൽ വകുപ്പ് സ്വീകരിച്ച നിലപാട് വളരെവേദനാജനകമാണ്. തൊഴിൽ തർക്കനിയമതത്തിലെ സെക്ഷൻ 12(4) പ്രകാരം അഡ്ജൂഡിക്കേഷനു വിടേണ്ട വിഷയം അപ്രകാരം ചെയ്യാഞ്ഞതു വഴി യു എൻ എ യുടെ നിയമ വിരുദ്ധസമരത്തിൽ അവരുമായി തൊഴിൽ വകുപ്പ് കൈകോർത്തുവെന്ന് പറയാതെ നിർവ്വാഹമില്ല. ഈ വിഷയം വ്യവസായ തർക്ക പരിഹാര കോടതിയുടെ പരിഗണനയ്ക്ക് വിട്ടാൽ യു എൻ എ യുടെ ആവശ്യങ്ങൾ നിയമവിരുദ്ധമെന്ന് വ്യക്തമാകും. |

## ഈ അനാവശ്യ സമരം മൂലം കെ വി എം മാനേജ്മെന്റിന്റെ ഇപ്പോഴത്തെ അവസ്ഥ

1. ആശുപത്രിയുടെ പ്രവർത്തനം യു എൻ എ യുടെ ഭീഷണികളും അക്രമങ്ങളും കാരണം 2 മാസം നിർത്തിവയ്ക്കേണ്ടി വന്നു.

2. ആശുപത്രിയിലെ ഡോക്ടർമാരും, നഴ്സുമാരും, പാരാമെഡിക്കൽ ജീവനക്കാരും ഉൾപ്പെടുന്ന ഇതര വിഭാഗത്തിന് 2 മാസം വേതനം ലഭ്യമാകാതെ വന്നു.

3. മാനേജ്മെന്റിന് കോടികളുടെ നഷ്ടം ഉണ്ടാവുകയും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് വർഷങ്ങളുടെ പ്രയത്നം ആവശ്യമാകുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.കഴിഞ്ഞ 6 മാസക്കാലമായി സമരമുഖം വിട്ടുപോവാതിരിക്കുന്നതിനും സമരം തുടരുന്നതിനും സമരത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പ്രതിമാസം വേതനം നല്കുന്ന യു എൻ എ യുടെ നിലപാട് ഇവയ്ക്ക് കെ വി എമ്മിലെ ജോലി എന്നന്നേക്കുമായി നഷ്ടപ്പെടുമെന്ന നിലയിൽ എത്തിച്ചിരിക്കുകയാണ്.

4.ചേർത്തലയിലെ ഏക സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ കെ വി എം ആശുപത്രി പ്രവർത്തനം നിർത്തിവച്ചതിനെ തുടർന്ന് ചേർത്തലയിലും, പരിസരത്തുമുള്ള സാധാരണക്കാരായ നിരവധി രോഗികൾ ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക്, അപകട, അത്യാഹിതങ്ങൾ മൂലം യഥാ സമയത്തിന് ചികിത്സ ലഭിക്കാതെ മരണപ്പെടുകയും, ചികിത്സയ്ക്കായി ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്.